# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T.3183** 07.02.2018-ൽ മറുപടിയ്ക്ക്

## മത്സ്യകൃഷിയോടൊപ്പം മണ്ണിലല്ലാതെ പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. സ്വരാജ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യകൃഷിയോടൊപ്പം മണ്ണിലല്ലാതെ പച്ചക്കറി കൃഷി കൂടി നടത്തുന്ന സംയോജിത കൃഷി രീതി (അക്വാപോണിക്സ്) പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;<br><br>ബി) ഇത്തരത്തിലുള്ള കൃഷിയിലൂടെ മത്സ്യ-പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുമോ;എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | എ) & ബി) 2016-2017 സാമ്പത്തിക വർഷത്തിൽ നൂതന മത്സ്യ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃ പര്യയന മത്സ്യകൃഷി (ആർ.എ.എസ്) ഒരു യൂണിറ്റിന് (50%) സബ്സിഡി നൽകി കൊണ്ട് 40 യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 100 യൂണിറ്റുകൾക്കായി 618 ലക്ഷം അടങ്കൽ തുക വരുന്ന പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്) നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% തുക സബ്സിഡിയായി നൽകുന്നു.പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ആഫീസർ